പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4294 | 13.12. 2018 ൽ മറുപടിക്ക്

# സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ വേക്കൻസികൾ

ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) No.EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22.11.2018 ഓർഡർ പ്രകാരം 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താത്കാലിക പ്രൊമോഷൻ നൽകിയതുമൂലം ഉണ്ടായ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ 140 വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുമോ;വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) No.EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22.11.2018 പ്രകാരം സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താല്ക്കാലിക പ്രൊമോഷൻ നൽകിയതുമൂലം ഉണ്ടായതിൽ Cadre strength അനുസരിച്ച് PSC-യിൽ നിന്ന് നേരിട്ട് നിയമിക്കാവുന്ന 137 ഒഴിവുകൾ 23.11.2018 ന് സെക്രട്ടറി, കെ.പി.എസ്.സി. പട്ടം, തിരുവനന്തപുരം –നെ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രൊമോഷൻ ഓർഡറിൽ പ്രൊമോഷൻ ലഭിച്ച ടെമ്പററി അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) മാരുടെ ലീൻ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി തന്നെ നിലനിർത്തും എന്നുള്ളതുകൊണ്ട് പ്രസ്തുത 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (ബി) ഒഴിവുകൾ ഒരു വർഷമോ ആവശ്യാനുസരണം അതിലുപരിയായോ നിലനിൽക്കുവാൻ സാധ്യതയുള്ളതിനാൽ 137 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) താത്കാലിക ഒഴിവുകൾ കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമില്ല. (മേൽ വിവരിച്ച ഒഴിവുകളുടെ പ്രതീക്ഷിക്കുന്ന കാലാവധി സംബന്ധിക്കുന്ന വിവരം പ്രമോഷൻ ഉത്തരവ് No.EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22.11.2018- ലെ വ്യവസ്ഥ 3 പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു. |

| | |
|---|---|
| (സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ വേക്കൻസികൾ സൂപ്പർ ന്യൂമററി ആയി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുമോ എന്നും സാധിക്കുമെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തെ സൂപ്പർ ന്യൂമററി വേക്കൻസികൾ മാത്രമാണോ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻകഴിയുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;<br><br>(ഡി) കെ.എസ്.ഇ.ബി.യ്ക്ക് മാത്രമായി പ്രത്യേക ഉത്തരവുകൾ പ്രകാരം ഒരു വർഷത്തിൽ കൂടുതൽ ഉള്ള വേക്കൻസികൾ സൂപ്പർ ന്യൂമററി ആയി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (സി)&(ഡി) മേൽ വിവരിച്ച പ്രകാരം തടസ്സങ്ങളില്ല. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) താത്കാലിക ഒഴിവുകൾ കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ